സ്ഫോടനഭീകരതയിൽ സംഘ്പരിവാറിന്റെ പങ്ക് – 5

●

സദ്റുദ്ദീൻ വാഴക്കാട്

# ആത്മീയതയുടെ മറവിലെ ഭീകരപ്രവർത്തനങ്ങൾ

**ഉർദു** വാക്കുകൾ മാത്രം എഴുതിയ ബസ്മതി അരിയുടെ ഒരു ഒഴിഞ്ഞ ബാഗ്, മുസ്ലിംകൾക്കിടയിൽ പൊതുവെ വ്യാപകമായ ഒരു പാരമ്പര്യ സുഗന്ധദ്രവ്യത്തിന്റെ ബോട്ടിൽ, ദൽഹിയിലെ 'ഖാൻ മാർക്കറ്റി'ൽനിന്ന് വാങ്ങിയ ഒരു ഷോപ്പിംഗ് ബാഗ് – മുസ്ലിം മുദ്രയുള്ള ഇത്രയും വസ്തുക്കൾ സ്ഫോടന സ്ഥലത്തു ഉപേക്ഷിച്ചു പോവുക, അങ്ങനെ മുസ്ലിംകളെ സ്ഫോടനത്തിന്റെ പ്രതികളാക്കുകയും വർഗീയ സംഘർഷം സൃഷ്ടിക്കുകയും ചെയ്യുക! എങ്ങനെയുണ്ട് ആത്മീയതയുടെ മറവിൽ ഭീകരപ്രവർത്തനം നടത്തിയ ഗോവയിലെ 'സനാതൻ സൻസ്ത'യുടെ ഗൂഢതന്ത്രം.

2009 ഒക്ടോബർ 16–നാണ് ഗോവയിലെ മഡ്ഗാവിൽ നടുറോട്ടിൽ ഉഗ്രസ്ഫോടനമുണ്ടായത്. ബോംബ് സ്ഥാപിച്ച ബൈക്കുമായി സ്ഫോടനം നടത്താൻ പോകുമ്പോഴാണ് 'അപകടം' നടന്നത്. ബൈക്കിൽ സഞ്ചരിച്ചിരുന്ന സനാതൻ സൻസ്തയുടെ രണ്ട് പ്രവർത്തകർ സംഭവത്തിൽ കൊല്ലപ്പെട്ടു.

ഒക്ടോബർ 16 ഒരു ദീപാവലി ദിവസമായിരുന്നു. ജനങ്ങൾ ആവേശത്തോടെ ദീപാവലി ആഘോഷിക്കാൻ ഒരുമിച്ചു കൂടുന്ന വൈകുന്നേരം സ്ഫോടനം നടത്തി കുറ്റം മുസ്ലിംകളുടെ തലയിൽ കെട്ടിവെക്കാനായിരുന്നു ശ്രമം. ഹൈന്ദവ സഹോദരന്മാരുടെ ദീപാവലി നാളിൽ 'ഹിന്ദുത്വ ഭീകരർ' തന്നെ സ്ഫോടനം നടത്തുക!

കൊല്ലപ്പെട്ടവരുമായി ബന്ധമുള്ള രണ്ടു പേരെ ചോദ്യം ചെയ്യുകയും സംഭവസ്ഥലത്ത് വിശദമായ അന്വേഷണം നടത്തുകയും ചെയ്ത പോലീസ് മുസ്ലിം മുദ്രയുള്ള വസ്തുക്കൾ കണ്ടെടുക്കുകയായിരുന്നു (Goa bombers tried to leave Muslim imprint - Prashant Rangnekar, Nov. 8,2009 www.indianexpress.com)

## മഡ്ഗാവ് – ചരിത്ര നഗരം

ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനമാണ് ഗോവ. 'കൊങ്കൺ' എന്നറിയപ്പെടുന്ന, വിനോദസഞ്ചാരത്തിന് പേരുകേട്ട ഗോവ വടക്ക് മഹാരാഷ്ട്രയോടും തെക്കുകിഴക്ക് കർണാടകയോടും ചേർന്നു കിടക്കുന്നു.

ദേവനാഗരിലിപിയിലുള്ള കൊങ്കിണി ഭാഷയാണ് ഗോവയുടെ ഔദ്യോഗിക ഭാഷ. മറാത്തിയാണ് രണ്ടാം സ്ഥാനത്ത്. ഈ രണ്ട് ഭാഷകളുമാണ് ജനങ്ങൾ കൂടുതലായും ഉപയോഗിക്കുന്നത്. ഇംഗ്ലീഷ്–ഹിന്ദി ഭാഷകൾക്കും പ്രചാരമുണ്ട്; പോർച്ചുഗീസ് ഭാഷ സംസാരിക്കുന്ന ചെറിയൊരു ന്യൂനപക്ഷവും ഗോവയിലുണ്ട്.

ഗോവയിലെ ജനസംഖ്യയിൽ 65 ശതമാനവും ഹിന്ദുക്കളാണ്; 26 ശതമാനം ക്രിസ്ത്യാനികളും. മുസ്‌ലിംകൾ 6 ശതമാനം മാത്രമുള്ള സംസ്ഥാനത്ത് മറ്റുള്ളവർ 3 ശതമാനമേ ഉള്ളൂ.

ഗോവയിലെ ചരിത്ര-സാംസ്കാരിക നഗരമാണ് മഡ്ഗാവ്. നിരവധി ചരിത്ര സ്മാരകങ്ങളുള്ള മഡ്ഗാവിൽ ഹൈന്ദവ ക്ഷേത്രങ്ങളും ക്രിസ്ത്യൻ ചർച്ചുകളും നിരവധിയുണ്ട്. രണ്ട് മുസ്‌ലിം പള്ളികളും. ദീർഘകാലത്തെ പോർച്ചുഗീസ് ആധിപത്യത്തിന്റെ അടയാളങ്ങൾ ഏറ്റവും കൂടുതലുള്ള പ്രദേശം കൂടിയാണിത്. 'മഡ്ഗാവ്' (Moddgav) എന്ന് ഉച്ചരിക്കുന്ന ഈ മറാത്തിപദം ഇംഗ്ലീഷിൽ എഴുതുന്നത് (Margao) തന്നെ പോർച്ചുഗീസ് ശൈലിയിലാണ്.

സാമുദായിക സംഘർഷങ്ങളോ വർഗീയ കലാപങ്ങളോ പതിവായി നടക്കാത്ത ഗോവയിൽ വിവിധ മതക്കാരുടെ ആരാധനാലയങ്ങൾ മതസൗഹാർദത്തിന്റെ നിദർശനമെന്നോണം നിറഞ്ഞുനിൽക്കുന്നു. ക്രിസ്മസ് രാവുകളിൽ ക്രിസ്ത്യൻ ചർച്ചുകളിലും വീടുകളിലും മാത്രമല്ല, മഡ്ഗാവിലെ പല ഹിന്ദുവീടുകളിലും ക്രിസ്തുമസ് നക്ഷത്രങ്ങൾ തെളിയാറുണ്ട്. മതസൗഹാർദത്തിന്റെ അടയാളങ്ങളായാണ് മഡ്ഗാവുകാർ ഇതിനെ കാണുന്നത്, 'രവീന്ദ്രഭവൻ' എന്ന സാംസ്കാരിക വേദിയുടെ വൈസ് പ്രസിഡന്റ് ശ്രീധർ കാമത്ത് പറയുന്നത്, 'ക്രിസ്മസിന് ക്ഷേത്രങ്ങളിലും വീടുകളിലും നക്ഷത്രങ്ങൾ വെക്കാൻ താൽപര്യമുള്ള ഹിന്ദുക്കൾക്ക് വേണ്ടി ഞങ്ങൾ നക്ഷത്രങ്ങൾ ഉണ്ടാക്കാറുണ്ട്. ആവശ്യക്കാർ വന്ന് അത് വാങ്ങികൊണ്ടുപോകും. മറ്റു മതങ്ങളുടെ ആഘോഷങ്ങളിൽ പങ്കാളികളാകുന്നതുവഴി സൗഹൃദാന്തരീക്ഷമാണ് ഇവിടെ ഉണ്ടാകുന്നത്' (The Times of India - Christmas. Start light up Hindu temples in Margao - 25 December 2009). നാമമാത്രമായ മുസ്‌ലിം ന്യൂനപക്ഷമാകട്ടെ, ചെറിയ രൂപത്തിൽ ജീവിച്ച് പോവുകയും ചെയ്യുന്നു. മഡ്ഗാവിലെ കോമ്പയിൽ, മിത്തൽ



രഘുവുമായി ക്ഷേത്രത്തിൽ ദീപാവലിയുടെ പിറ്റേന്നാൾ നടക്കുന്ന 'ദിണ്ഡി ആഘോഷം' ഗോവയിലെ തന്നെ പ്രസിദ്ധമായ ആഘോഷമാണ്. ദീപാവലി നാളിലെ വൈകുന്നേരം, അതായത് ദിണ്ഡി ആഘോഷത്തിന്റെ തലേന്നാൾ ആയിരുന്നു ഹിന്ദു ആധ്യാത്മിക സംഘടനയായ 'സനാതൻ സൻസ്ത'യുടെ സ്ഫോടനം!


*ജയന്ദ് ബാലാജി ആത്‌വാലെ*

## സനാതൻ സൻസ്തയുടെ 'ആത്മീയ' പ്രവർത്തനങ്ങൾ

ആത്മീയതയുടെ ശാസ്ത്രീയ അവതരണവും പരിശീലനവും ലക്ഷ്യം വെച്ച്, ഭക്തരാജ് മഹാരാജിന്റെ ആശീർവാദത്തോടെ ജയന്ദ് ബാലാജി ആത്‌വാലെ, 1990ലാണ് ഗോവയിൽ 'സനാതൻ സൻസ്ത' സ്ഥാപിച്ചത്. ഇന്ത്യക്ക് അകത്തും യു.എസ്, യു.കെ, കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലും ശാഖകളുള്ള 'സനാതൻ സൻസ്ത' വൈവിധ്യമാർന്ന 'ആത്മീയ' പ്രവർത്തനങ്ങളാണ് നടത്തുന്നത്.

വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ ആത്‌വാലെ, മുംബൈയിൽ ഹൈപോതെറാപിസ്റ്റായി പ്രാക്ടീസ് ചെയ്തിരുന്നു. 1971 മുതൽ 78 വരെ ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തിയ ആത്‌വാലെ, 20 വർഷം ഹൈപോതെറാപിസ്റ്റായി ജോലി ചെയ്ത ശേഷമാണ് 'ആത്മീയ മാർഗ'ത്തിലേക്ക് തിരിഞ്ഞത്. താൻ ചികിത്സിച്ച രോഗികളിൽ 30 ശതമാനം പേർക്കും സാധാരണ മെഡിക്കൽ ചികിത്സകൊണ്ട് രോഗശമനം ലഭിക്കുന്നില്ല. തീർഥയാത്രയോ സന്യാസിയുടെ ആത്മീയ ഉപദേശമോ ആണ് അവരുടെ രോഗശാന്തിക്ക് കാരണമാകുന്നതെന്ന ബോധ്യമാണത്രെ അദ്ദേഹത്തെ ആത്മീയതയിലൂടെ വഴിനടത്തിയത്.

സന്ദേഹവാദി(atheist)യായിരുന്ന ആത്‌വാലെ, ആത്മീയതയിലൂടെ രോഗശമനമുണ്ടാകുന്നതിന്റെ കാരണമറിയാൻ ഇന്ത്യയുടെ പലഭാഗങ്ങളിലുമുള്ള നിരവധി സന്യാസിമാരെ സമീപിച്ചു. മതത്തിന്റെ ശാസ്ത്രീയ വശം പ്രയോഗവത്കരിക്കുന്നതിനെക്കുറിച്ചുള്ള തന്റെ സംശയങ്ങളെല്ലാം അവരോട് ചോദിച്ച ആത്‌വാലെ ഉത്തരങ്ങളെല്ലാം സൂക്ഷ്മതയോടെ റെക്കോർഡ് ചെയ്ത് പഠിച്ചു. അങ്ങനെ ശാസ്ത്രത്തിന്റെ പരിമിതികളും ആത്മീയതയുടെ സാധ്യതകളും മനസിലാക്കിയ അദ്ദേഹം സനാതന ധർമത്തിലാണ് ശാസ്ത്രീയ ആത്മീയതയുടെ വേരുകളുള്ളതെന്ന് കണ്ടെത്തി. പുസ്തകങ്ങളിൽനിന്ന് പഠിക്കാൻ സാധിക്കുന്ന ശാസ്ത്രമല്ല ആത്മീയതയെന്നും, ഒരു ഗുരുവിന്റെ ശിക്ഷണത്തിൽ പ്രായോഗികമായാണത് നിർവഹിക്കേണ്ടതെന്നും സന്യാസിമാർ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം അപ്രകാരം പ്രവർത്തിക്കാൻ തുടങ്ങി. അങ്ങനെ ഇൻഡോറിലെ ഭക്തരാജ് മഹാരാജ്, ആത്‌വാലെയുടെ ജീവിതത്തിലെ ആത്മീയ ഗുരുവായി മാറി.

തന്നെ സമീപിക്കുന്ന രോഗികളോട് ആത്മീയ കർമങ്ങൾ നിർവഹിക്കാൻ നിർദേശിച്ചു തുടങ്ങിയ ആത്‌വാലെ അതുസംബന്ധിച്ച് നിരവധി പുസ്തകങ്ങളും എഴുതി. 1988 ൽ മുംബൈയിൽ 'സ്പിരിചൽ വർക്ഷോപ്പു'കൾ ആരംഭിച്ച ആത്‌വാലെ,

1999ൽ ഗുരു ഭക്തരാജ് മഹാരാജിന്റെ ആശീർവാദത്തോടെ 'സനാതൻ ഭാരതീയ സംസ്കൃതി സൻസ്ത' തുടങ്ങി. 1999 മാർച്ച് 24ന് സംഘം, 'സനാതൻ സൻസ്ത' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

'ദൈവിക ഭരണ'ത്തിന്റെ പുനസ്ഥാപനം (Reinstatement of Divine Kingdom) എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന 'സനാതൻ സൻസ്ത', ആത്മീയത, വിദ്യാഭ്യാസം, മതപഠനം എന്നീ മേഖലകളിലാണത്രെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് (wikipedia-SANATAN SANSTHA). വാരാന്ത ആത്മീയ സംഗമങ്ങൾ (സത്സംഗങ്ങൾ), കുട്ടികൾക്കുള്ള മാർഗദർശന ക്ലാസുകൾ (ബാലൻസ് കാർവർഗ), ആത്മീയ പരിശീലനങ്ങൾ, Workshops on Stress Management, ആത്മീയതയുടെ പ്രചാരണത്തിനു വേണ്ടിയുള്ള റാലികൾ, അഗ്നിശമനം– പ്രഥമശുശ്രൂഷ എന്നിവയിലുള്ള പരിശീലനം, ദുരന്തബാധിതർക്കുള്ള റിലീഫ് പ്രവർത്തനങ്ങൾ, ധർമസംരക്ഷണത്തിനു രാഷ്ട്ര നിർമിതിക്കാവശ്യമായ കാമ്പയിനുകൾ തുടങ്ങിയവയാണ് 'സനാതൻ സൻസ്ത'യുടെ പ്രവർത്തനങ്ങളെന്ന് സംഘടനയുടെ വെബ്സൈറ്റിൽ പറയുന്നു (Sanatan Sansta-sanathan society for scientific spirituality - www.sanatan.org/en/activity). മാധ്യമ രംഗത്ത് 'സനാതൻ സൻസ്ത'ക്ക് വിപുലമായ സാന്നിധ്യമുണ്ട്. 'സനാതൻ പ്രഭാത്' എന്ന പേരിൽ ദിനപത്രം, വാരിക, മാസിക എന്നിവ മറാത്തി, ഹിന്ദി, ഗുജറാത്തി, കന്നട ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു. ഒരു ഇംഗ്ലീഷ് മാസികയും 'സൻസ്ത'ക്കുണ്ട്.

ആത്മീയതയുടെ ലേബലിൽ 'സനാതൻ സൻസ്ത' ഉയർത്തുന്ന തീവ്രവാദത്തിന്റെ ചെറിയൊരു ഉദാഹരണമാണ് ജനുവരി 26–ലെ റിപ്പബ്ലിക് ദിനാഘോഷത്തെ നിരാകരിക്കാനും 'മഘ ശുക്ലാഷ്ടമി' നാളിൽ 'ഭാരത റിപ്പബ്ലിക്' ദിനാഘോഷം സംഘടിപ്പിക്കാനുമുള്ള സംഘടനയുടെ ആഹ്വാനം. "ഹിന്ദു പഞ്ചാംഗം അനുസരിച്ചാണ് ഭാരതത്തിന്റെ റിപ്പബ്ലിക് ദിനം ആഘോഷിക്കേണ്ടത്. അത് മഘ ശുക്ലാഷ്ടമി –Magh Shuklaashtami– നാളിലായിരിക്കണം. 2010ൽ അത് ജനുവരി 23നാണ്. ജനുവരി 26ലെ റിപ്പബ്ലിക് ദിനം ക്രിസ്ത്യൻ പഞ്ചാംഗമനുസരിച്ചാണ്. അതുകൊണ്ട് അത് ഒഴിവാക്കണം" – സനാതൻ പ്രഭാത് ഇംഗ്ലീഷ് മാസികയിലാണ് ദേശദ്രോഹപരമായ ഈ ആഹ്വാനമുള്ളത് (Sanatan Prabath-Jan. 2010) അതേ ലക്കത്തിൽ റിപ്പബ്ലിക് ദിന സ്പെഷ്യൽ എന്ന പേരിൽ 'ഭാരതം വെന്തുരുകുന്നു' (Bharat Burning) എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനവും തീവ്രവാദ സ്വഭാവമുള്ളതും ദേശദ്രോഹപരവുമാണ്. ഇന്ത്യയുടെ ഭൂപടത്തിൽ ഓരോ സംസ്ഥാനത്തിനും നേരെ പ്രത്യേകം അടയാളമിട്ട് ആ സംസ്ഥാനം നേരിടുന്ന 'തീവ്രവാദ–ഭീകരവാദ' പ്രവർത്തനങ്ങൾ സൂചിപ്പിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. കമ്യൂണിസം, ഹിന്ദുക്കളെ അടിച്ചമർത്തൽ (കേരളം), ശങ്കരാചാര്യരുടെ അറസ്റ്റ്(തമിഴ്നാട്), മുസ്‌ലിംകൾ ഹിന്ദുനേതാക്കളെ വധിക്കുന്നു (കർണാടക), മുസ്‌ലിം–ക്രിസ്ത്യൻ പ്രീണനം (ആന്ധ്ര), ഭീകരത, സ്ഫോടനം, നക്സലുകൾ (മഹാരാഷ്ട്ര), ക്രിസ്ത്യൻ പ്രീണനം (ഗോവ), നക്സലിസം (മധ്യപ്രദേശ്), ക്ഷേത്രങ്ങൾക്കു നേരെ ആക്രമണം, ഗോധ്ര സംഭവം (ഗുജറാത്ത്), നക്സലിസം, ബംഗ്ലാദേശ് നുഴഞ്ഞുകയറ്റം (ഒറീസ, പശ്ചിമബംഗാൾ), ഹിന്ദുവിരുദ്ധ കോൺഗ്രസ് ഗവൺമെന്റ് (ദൽഹി), ക്ഷേത്രങ്ങൾക്കെതിരായ ആക്രമണം, വർഗീയ സംഘർഷം (ഉത്തർപ്രദേശ്), നാഗാ–ബോഡോ ഭീകരത (നാഗാലാന്റ്, മണിപ്പൂർ)........ ഇങ്ങനെ നീളുന്നു സൻസ്തയുടെ വീക്ഷണത്തിൽ ഓരോ സംസ്ഥാനവും നേരിടുന്ന ഭീഷണികൾ. (www.sanstha.org/eng/nasik/2010/1/article page 1).




ഭരണഘടന മാറ്റിയെഴുതണമെന്നാവശ്യപ്പെടുന്ന ലേഖനം, പാർലമെന്ററി ജനാധിപത്യത്തെ നിരാകരിക്കുകയും അമേരിക്കൻ മാതൃകയിലുള്ള പ്രസിഡൻഷ്യൽ രീതിപോലെ, മന്ത്രിമാർ പോലുമില്ലാത്ത 'ഏകവ്യക്തി' ഭരണം സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. "ദൈവിക രാജഭരണത്തിന്റെ പുനസ്ഥാപനമാണ്" സനാതൻ സൻസ്തയുടെ മുദ്രാവാക്യം. (Sanatan Prabhat - Monthly Jan. 2010). മാലേഗാവ് സ്ഫോടന കേസിലെ പ്രതി കേണൽ പുരോഹിതും ഒരു ഭരണഘടന അവതരിപ്പിച്ചിരുന്നതായി മുൻ ലേഖനത്തിൽ വിശദീകരിച്ചത് ഇതിനോട് ചേർത്ത് വായിക്കുക.

'സനാതൻ സൻസ്ത'യുടെ 'ശാസ്ത്രീയ ആത്മീയത'യുടെ മറുവശം വർഗീയ വാദവും ഭീകരതയുമാണ്. തങ്ങളുടെ വീക്ഷണത്തിലെ 'തിന്മയുടെ വക്താക്കളെ' നശിപ്പിക്കുകയെന്നത് ആത്മീയ പരിശീലനത്തിന്റെ പ്രധാന ഭാഗമാണ്. മനഃശാസ്ത്രപരമായും ശാരീരികമായും ഈ നശീകരണം നടക്കും. 'ധർമക്രാന്തി' എന്നു പറയുന്ന മതനവോത്ഥാനത്തിന് വേണ്ടി സംഘടന അണികൾക്ക് ആയുധ പരിശീലനവും നൽകുന്നു – റൈഫിളുകൾ, തൃശൂലം, ലാത്തി, മറ്റ് ആയുധങ്ങളുടെയും ഉപയോഗം പരിശീലിപ്പിക്കുന്നു (www.sanathan.org).

സൻസ്തയുടെ സ്ഥാപകൻ ജയന്ത് ആത്വാലെയുടെ, 'ശാസ്ത്രീയ ആത്മീയത'യെന്ന 21 വാല്യങ്ങളുള്ള പുസ്തകത്തിലും, 'ദൈവിക ഭരണം' (Divine Kingdom), സന്യാസിമാരുടെ ആധ്യാത്മിക അനുഭവങ്ങൾ (Spiritual Experiences of Seekers), ദൈവത്തെ കണ്ടെത്താനുള്ള കല (Arts of God Realisation), തുടങ്ങിയ കൃതികളിലും സൻസ്തയുടെ പ്രവർത്തനങ്ങളുടെ ഇത്തരം ചില മുഖങ്ങൾ കാണാം. ദൈവിക രാജ്യത്തിലെ ആത്മീയാന്വേഷകർ 'എയർ റൈഫിളുകൾ' പരിശീലിപ്പിക്കണമെന്നാണ് 'സൻസ്ത'യുടെ ആഹ്വാനം (Vol 3 H-Self Defence Training, Chapter 6, page 108-109, quated from Resurgent Hindutva in Goa By Subhash Gatade - 29 October 2009, Countercurrents.org).

1999ൽ, രൂപീകരണ ഘട്ടത്തിൽ തന്നെ രണ്ടു ലക്ഷത്തിലേ മെമ്പർമാർ 'സനാതൻ സൻസ്ത'ക്ക് ഉണ്ടായിരുന്നു. പിന്നീട്, കുറേപേരെ 'അഴിമതിക്കാരായതിനാൽ' സംഘടനയിൽനിന്ന് പുറത്താക്കിയത്രെ. 'നക്സലൈറ്റുകളോട് പോരാടാൻ ഹിന്ദു നക്സലൈറ്റാവുക – ധർമരാജ്യത്തിന്റെ ഏറ്റവും വലിയ ശത്രുക്കളാണ് നക്സലൈറ്റുകൾ' – സൻസ്തയുടെ സ്ഥാപകൻ ജയന്ത് ആത്വാലെയുടെ ആഹ്വാനങ്ങളിലൊന്നാണിത്, ആത്വാലെയുടെ പുസ്തകത്തിൽ 'ആത്മീയ' പരിശീലനത്തിന്റെ ടൈംടേബ്ൾ കൊടുത്തിട്ടുണ്ട്.

**എ.** 1997–1999 എ.ഡി (3 വർഷം) – ആത്മീയ പ്രകൃതത്തിന്റെ ഭാഗമെന്ന നിലക്ക് 'തിന്മയെ' നശിപ്പിക്കാൻ മനസിനെ പാകപ്പെടുത്തി എടുക്കുക.

**ബി.** 2000–20006 എ.ഡി(7വർഷം) – തിന്മയുടെ വക്താക്കളെ മാനസികവും

ശാരീരികവുമായി യഥാർഥത്തിൽ തന്നെ നശിപ്പിക്കുക.

**സി.** 2007–2022 എ.ഡി (16 വർഷം) – 'ദൈവിക ഭരണം' സ്ഥാപിക്കാനാവശ്യ മായ ശക്തി സംഭരിക്കുക.

**ഡി.** 2023–2025 എ.ഡി (3 വർഷം) – ദൈവിക ഭരണം (Regime of Absolute Truth) ആരംഭിക്കുക.

(Science of Spirituality - Vol-IE, P. 64,65 quated from Resurgent Hindutva Terror in Goa By Subhash Gatade)

ഇതര മതങ്ങളെയും അവയുടെ പ്രവാചകൻമാരെയും മതവിശ്വാസികളെയും ആക്ഷേപിക്കാനും ആക്രമിക്കാനും അനുയായികളെ പഠിപ്പിക്കുകയാണ് 'സനാതൻ സൻസ്ത.' മഹാരാഷ്ട്രയിലും ഗോവയിലും പ്രചാരത്തിലുള്ള 'സൻസ്ത'യുടെ ദിന പത്രത്തിൽ വന്ന ക്രിസ്ത്യൻ സമൂഹത്തെ അവഹേളിക്കുന്ന ഒരു ലേഖനം ഇതിന്റെ ഉദാഹരണമാണ്. 'അശ്ലീലത ബൈബിളിന്റെ യഥാർഥ പ്രകൃതമാണ്' എന്ന ലേഖന ത്തിൽ 'സദാചാര രാഹിത്യം പഠിപ്പിക്കാൻ ഒരു മാന്വൽ' എന്നാണതിനെ വിശേഷി പ്പിച്ചിരിക്കുന്നത്. (Sanathan Prabhat 9th Dec 2005).

ഇസ്‌ലാമിനെയും മുഹമ്മദ് നബിയെയും അപമാനിച്ചതായിരുന്നു സെപ്തം ബർ ആദ്യവാരത്തിൽ 'മിറാജ്' ടൗണിലുണ്ടായ കലാപത്തിന്റെ കാരണം. വർഗീയ വൈരം വളർത്തുന്ന സാഹിത്യങ്ങൾ വിതരണം ചെയ്തതിന്റെ പേരിൽ 'സനാതൻ സൻസ്ത'യുടെ മൂന്ന് പ്രവർത്തകർ അറസ്റ്റിലാവുകയുണ്ടായി. എന്നിട്ടും, മുസ്‌ലിം കളാണ് കലാപം സൃഷ്ടിച്ചത് എന്നായിരുന്നു 'സൻസ്ത'യുടെ ആരോപണം. ഏഴു സ്ഥലങ്ങളിലാണ് പള്ളികൾ ആക്രമിക്കപ്പെട്ടത്. ആക്രമണത്തിന് ശേഷം അവയിൽ കാവിക്കൊടികൾ നാട്ടുകയും ചെയ്തു. (Behind Sanathan Sanstha's spiritual veil, a militarist face - THE HINDU 20/10/2009).

സനാതൻ പ്രഭാതിൽ പ്രസിദ്ധീകരിച്ച ഒരു കാർട്ടൂൺ അത്യന്തം പ്രകോപനപ രമായിരുന്നു. ഒരു പോലീസ് ഓഫീസറും മുസ്‌ലിമും ചേർന്ന് ഒരു ഹിന്ദുവിനെ ചവി ട്ടുന്നു. അതിന് അടിക്കുറിപ്പായി കൊടുത്ത വാചകം ഇങ്ങനെ, 'ഈ മൃഗീയ ഭരണം അവസാനിപ്പിക്കാൻ ഒന്നിക്കുക' (Behind Sanatan Sanstha's spiritual veil, Amilitarist face. THE HINDU 20/10/2009).

നിരന്തരം വർഗീയ വൈരം വളർത്തുകയും കലാപങ്ങളും സ്ഫോടനങ്ങളും നടത്തുകയും ചെയ്യുന്ന 'സൻസ്ത'യുടെ പ്രവർത്തനങ്ങളാകട്ടെ, ധർമസ്ഥാപനത്തി ന്റെയും ആത്മീയ സംഘത്തിന്റെയും മുഖാവരണമണിഞ്ഞുകൊണ്ടും. സൈനിക യൂനിഫോം ധരിച്ച സൻസ്തയുടെ യുവപോരാളി, മുസ്‌ലിമിനെപ്പോലെ വേഷം ധരിച്ച് ഒരു 'ടാർഗറ്റി'ൽ വെടിവെച്ച് പരിശീലിക്കുന്നു! പരമാവധി അപകടം വരുത്തും വിധം തൃശൂലം ഉപയോഗിക്കാനും പഠിപ്പിക്കുന്നു! യുവമനസുകൾ കീഴ്പെടുത്തി ക്രമപ്ര വൃദ്ധമായി അവരെ മസ്തിഷ്ക പ്രക്ഷാളനം നടത്തുന്നു. എന്നിട്ടും 'സനാതൻ സൻസ് ത'യെയോ ഹിന്ദു ജാഗൃതി സമിതിയെയോ നിയന്ത്രിക്കുവാനോ, നിരോധിക്കുവാനോ അല്ല, സാങ്കൽപിക നക്സലൈറ്റ് ഭീഷണിക്ക് പുറകെ പോകാനാണ് ഭരണകൂടത്തിന് താൽപര്യം. (Protecting Hinduism: Sanathan style, Pradnya Gaonkar, 28 June 2008 - Goan Observer).

## ഭീകരതയുടെ സാക്ഷ്യങ്ങൾ

ആധ്യാത്മികതയുടെ മുഖംമൂടിയിട്ട് 'സനാതൻ സൻസ്ത' നടത്തുന്ന ഭീകര പ്രവർത്തനത്തിന്റെ പ്രത്യക്ഷ സാക്ഷ്യങ്ങളായിരുന്നു 2008 ജൂൺ 4നും 2009 ഒക്ടോ

ബർ 17നും അവർ നടത്തിയ സ്ഫോടനങ്ങളും മിറാജ് കലാപത്തിലെ പങ്കാളിത്തവും. ബോംബാക്രമണത്തിലും ആയുധ വിതരണത്തിലും വർഗീയ കലാപത്തിലും വ്യക്തമായ പങ്കുണ്ടെന്ന് പോലീസും ഭരണകൂടവും മാധ്യമങ്ങളും തുറന്നു പറഞ്ഞ ഒരു ഭീകര സംഘടനയെ നിരോധിക്കാനും അതിന്റെ പ്രവർത്തകരെ അറസ്റ്റ് ചെയ്യാനും എന്തുകൊണ്ടാണ് ജനാധിപത്യ മതേതര ഭാരതത്തിൽ നിയമത്തിന് കഴിയാത്തത്?

സുഭാഷ് ഗത്താദെ എഴുതുന്നു: "ബോംബ് ഘടിപ്പിച്ച ബൈക്കുമായി സ്ഫോടനം നടത്താൻ പോകുമ്പോഴാണ് അപകടത്തിൽപെട്ട് സ്ഫോടനമുണ്ടായി സനാതൻ സൻസ്തയുടെ രണ്ട് പ്രവർത്തകർ മരിച്ചത്. സ്ഫോടനത്തിനുവേണ്ടി ഒരു ട്രക്കിൽ ബോംബ് സ്ഥാപിച്ചത് പിടിക്കപ്പെടുകയും ചെയ്തു. ബൈക്കിൽ സ്ഫോടനം നടന്നതിന് 20 കിലോമീറ്റർ അകലെ, 40 യുവാക്കൾ കയറിയ ട്രക്കിലായിരുന്നു ബോംബ് ഘടിപ്പിച്ചത്. ആ സ്ഫോടനം നടന്നിരുന്നെങ്കിൽ ഗോവയിൽ വമ്പിച്ച വർഗീയ കലാപം നടക്കുമായിരുന്നു. എന്നിട്ടും ഭീകര സംഘടനയെ നിരോധിക്കാനോ ഭീകരതയുടെ ശൃംഖലകൾ തകർക്കാനോ ഉള്ള ഉറച്ച തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ഗോവ ആഭ്യന്തരമന്ത്രി രവിനായ്ക് ഇതു സംബന്ധിച്ച് നടത്തിയ പ്രസ്താവന ഇങ്ങനെ: "ബോംബ് ഘടിപ്പിച്ച സ്കൂട്ടർ സനാതൻ സൻസ്തയുടേതാണ്. സംസ്ഥാനത്ത് വർഗീയ കലാപം സൃഷ്ടിക്കാനുള്ള ശ്രമമായിരുന്നു അവർ നടത്തിയത്" (Mail Today 9 Oct 2009). 'സനാതൻ സൻസ്തയെ നിരോധിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നതായി ഒരു ഘട്ടത്തിൽ വാർത്ത വന്നിരുന്നു. ഗോവയിലെ പ്രമുഖ പത്രമായ *ഹെറാൾഡ്* ഇതുസംബന്ധിച്ച് ഒന്നാംപേജിൽ എഡിറ്റോറിയൽ എഴുതുകയുമുണ്ടായി: "സാൻകോളിൽ ബോംബ് പിടിക്കപ്പെട്ടതുൾപ്പെടെ മഡ്ഗാവിൽ നടന്ന സ്ഫോടനം ഗോവയിലെ ഭീകരവാദത്തിന്റെ യഥാർഥ മുഖമാണ് പുറത്ത് കൊണ്ടുവന്നിരിക്കുന്നത്. ലക്ഷ്യസ്ഥാനത്ത് സ്ഥാപിക്കുന്നതിന് മുമ്പേ, സ്ഫോടനമുണ്ടായത് ഭാഗ്യം. നിരപരാധികളെ കൊല്ലാനായിരുന്നു ഭീകരവാദികളുടെ പദ്ധതി. ധീരനായ ഒരു യുവാവിന്റെ ജാഗ്രതകൊണ്ടാണ് സൻകോളിൽ ബോംബ് പിടിക്കപ്പെട്ടത്. അത് സ്ഥാപിക്കപ്പെട്ട സ്ഥലത്ത് നർകസുർ ആഘോഷത്തിന് പോകുന്ന 40 യുവാക്കൾ കയറിയ ട്രക്കിൽ ഭീകരവാദികൾ ഉദ്ദേശിച്ചവിധം സ്ഫോടനം നടന്നിരുന്നെങ്കിൽ നിരവധി പേരുടെ ജീവൻ നഷ്ടപ്പെടുമായിരുന്നു. ദീപാവലിയുടെ ഭാഗമായ നർകസുർ ആഘോഷത്തെ (Diwali Narkasur Festival)യാണ് ഭീകരാക്രമണം ലക്ഷ്യമിട്ടത്. ഗോവക്കും ഗോവയിലെ ജനങ്ങൾക്കും ഏറ്റവും വിലപ്പെട്ട ആഘോഷമാണിത്. ഹിന്ദുമത മൗലികവാദികളായ 'സനാതൻ സൻസ്ത' അതിനെ നിന്ദിക്കുകയാണ് ചെയ്തത്. രണ്ടാമത്തേത് കൂടുതൽ അപകടകരമായ സ്ഫോടനമാകുമായിരുന്നു. മഡ്ഗാവിൽ വർഗീയ കലാപം സൃഷ്ടിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. ഗോവൻ പാരമ്പര്യം നശിപ്പിക്കാനും സംസ്ഥാനത്ത് നിലനിൽക്കുന്ന സാമുദായിക സൗഹൃദം തകർക്കാനും ഇത് വഴി അവർക്ക് സാധിക്കുമായിരുന്നു.

മഹാരാഷ്ട്രയിലും ഗോവയിലും സജീവമായ സനാതൻ സൻസ്തയുടെ രണ്ടാമത്തെ ഭീകരപ്രവർത്തനമാണിത്..." (Herald - Goa front page editorial Oct. 18,2009, Resurgent Hindutva Terror in Goa by Subhash Gatade 29 Oct. 2009 Countercurrents.org)

2008 ജൂൺ 4ന് താനെയിലെ ഗഡ്കരി രംഗയാതൻ തിയേറ്ററിന്റെ പാർകിംഗ് ഏരിയയിൽ സ്ഫോടനമുണ്ടായി. മറാത്തി നാടകമായ 'അംഹി പാച് പുത്തെ'യുടെ

അവതരണം നടക്കുന്നതിനിടെയായിരുന്നു സ്ഫോടനം. 'മഹാഭാരത'ത്തെ നിന്ദിക്കുന്നതാണ് നാടകമെന്നും അത് അവതരിപ്പിക്കാൻ അനുവദിക്കില്ലെന്നും 'സനാതൻ സൻസ്ത' ഭീഷണിപ്പെടുത്തിയിരുന്നുവെന്ന് അന്വേഷണത്തിൽ വ്യക്തമായി. നവി മുംബൈയിലെ പൻവേലിലെയും വാശിയിലെയും തീയേറ്ററുകളിലും അതേ സന്ദർഭത്തിൽ തന്നെ സ്ഫോടനം നടക്കുകയുണ്ടായി. ഹിന്ദി സിനിമ, 'ജോധാ അക്ബറി'ന്റെ സ്ക്രീനിംഗ് നടക്കുന്നതിനിടെയായിരുന്നു സ്ഫോടനം. 'സനാതൻ സൻസ്ത' യാണ് സ്ഫോടനങ്ങൾക്കു പിന്നിലെന്ന് അന്വേഷണത്തിൽ തെളിഞ്ഞു. മിറാജ് കലാപത്തിൽ 'സനാതൻ സൻസ്ത' പ്രവർത്തകരുടെ പങ്കാളിത്തം പുറത്തുവരികയുണ്ടായി (Express Oct. 21,2009). 'സനാതൻ സൻസ്ത'യുടെ വർഗീയ ഗൂഢാലോചനകൾ പുതിയതല്ല. ഗോവാ സ്ഫോടനത്തിനു മുമ്പുതന്നെ വർഗീയ കലാപങ്ങൾ മുതൽ തിയേറ്ററുകൾക്ക് നേരെയുള്ള ബോംബാക്രമണം വരെ മഹാരാഷ്ട്രയിൽ നിരവധി ഭീകര പ്രവർത്തനങ്ങൾ 'സനാതൻ സൻസ്ത' നടത്തിയിട്ടുണ്ട്. (whiff of Hidutva terror in Goa Mailtoday - 20 Oct 2009)

'സനാതൻ സൻസ്ത'ക്ക് ലഭിക്കുന്ന ഫണ്ടിംഗിനെക്കുറിച്ച് ഗൗരവപ്പെട്ട ചില വെളിപ്പെടുത്തലുകളും പോലീസ് നടത്തുകയുണ്ടായി. ഒരു പോലീസ് ഓഫീസറെ ഉദ്ധരിച്ചുകൊണ്ട് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തതിങ്ങനെ: "മൽഗുണ്ട പാട്ടീൽ ഒരു ട്രസ്റ്റിന്റെ മാനേജിംഗ് ട്രസ്റ്റിയാണ്. രാജ്യത്തുടനീളം 70 ബാങ്ക് അക്കൗണ്ടുകളാണ് ട്രസ്റ്റിനുള്ളത്. രാജ്യം മുഴുക്കെ ബന്ധങ്ങളും അവർക്കുണ്ട്. മതത്തിന്റെ പേരിൽ പിരിച്ചെടുത്ത പണം മുഴുവൻ അദ്ദേഹത്തിന്റെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. അക്കൗണ്ട് രാജ്യം മുഴുക്കെ പരന്നു കിടക്കുന്നതിനാൽ, പണം ഏതൊക്കെ വഴിക്ക് ചെലവഴിച്ചുവെന്നത് എൻ.ഐ.എ ആണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത് (Goa blast accused to have links with Malagaon blast accused- Indian Express) ധർമ പ്രചാർ സഭ ഹിന്ദു ധർമപ്രതിസ്ഥാൻ (DPS & HDP) എന്നിവ പാട്ടീലിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സൻസ്തയുടെ അനുബന്ധ സംഘടനകളാണ്. (Goa blast-Prime accused links to two more Hindugroups Dec. 17,2009 - ummid.com).

### അപകടത്തിലായ ഭീകരർ

'സനാതൻ സൻസ്ത'യുടെ രണ്ട് പ്രവർത്തകരാണ് ഭീകരാക്രമണത്തിനുവേണ്ടി ബൈക്കിൽ ബോംബുകളുമായി പോകുംവഴിയുണ്ടായ സ്ഫോടനത്തിൽ കൊല്ലപ്പെട്ടത്. മൽഗുണ്ട പാട്ടീലിന്റെ മരണം സംഭവസ്ഥലത്തുതന്നെയായിരുന്നു. യോഗേഷ് നായ്ക് മരിച്ചത് അടുത്തദിവസം ഗോവ മെഡിക്കൽ കോളേജിലും. രണ്ടുപേരും 'സനാതൻ സൻസ്ത'യുടെ പ്രവർത്തകരാണെന്ന് പോലീസ് സ്ഥിരീകരിച്ചിട്ടുണ്ട്. അമോണിയം നൈട്രേറ്റും മറ്റും ഉപയോഗിച്ചുണ്ടാക്കിയ പരുക്കൻ ബോംബായിരുന്നു പൊട്ടിത്തെറിച്ചത്. മഡ്ഗാവിലെ ഗ്രെയ്സ് ചർച്ചിലേക്കുള്ള റോഡിലാണ് സ്ഫോടനം നടന്നത്. ഗോവയിലെ ആഘോഷക്കാലത്താണ് എന്നതും സംഭവത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. (Margao blast: Two detained. death toll rise to 2 - THE TIMES OF INDIA 17 Oct. 2009). പനാജിയിൽനിന്ന് 20 കിലോമീറ്റർ അകലെ 'രാംനാതി' വില്ലേജിലെ 'ക്ഷേത്ര ടൗൺ' ആയ പോണ്ടയിലാണ് സൻസ്തയുടെ ആശ്രമം. സനാതൻ ആശ്രമത്തിന്റെ അഡ്മിനിസ്ട്രേറ്ററായിരുന്നു പാട്ടീൽ. മാത്രമല്ല മഹാരാഷ്ട്രയിൽ നടന്ന ചില സ്ഫോടനങ്ങളുമായും പാട്ടീലിന് ബന്ധമുണ്ടെന്നാണ് പോലീസ് പറഞ്ഞത്. "മഹാരാഷ്ട്രയിലെ സ്ഫോടന കേസ് പ്രതി വിക്രം വി. ഭാവെയുമായി പാട്ടീലിന് ബന്ധമുണ്ട്. ഗോവയിലേതുപോലെ സംഗ്ളി (Sangli)യിലും പാട്ടീൽ 'സനാ

തൻ സൻസ്ത'യുടെ സജീവ മെമ്പറായിരുന്നു" – ഗോവയിലെ പോലീസ് ഓഫീസർ യാദവിന്റെ വെളിപ്പെടുത്തൽ. (Links found between Margao, Maharashtra blasts accused: Police - THE HINDU 20/10/2009, www.thehindu.com). മഹാരാഷ്ട്രയിലെ താനെ, വാഷി, പൻവേൽ സ്ഫോടനങ്ങളിലെ പ്രതികൾക്ക്, മഡ്ഗാവ് സ്ഫോടനവുമായി ബന്ധമുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തുകയുണ്ടായി (www.thehindu.com 2009/10/20, Goa police, flip-flops on Margao blast case 21/12/2009 rediff.com). പെൻഹൈവേയിലെ ഒരു പള്ളിയെ ലക്ഷ്യം വെച്ചാണ് ബോംബുകൾ ഒരുക്കിയത്. ഇതുപോലെ, ജലാറ്റിൻ സ്റ്റിക്കുകളും സ്ഫോടകവസ്തുക്കളും ഒരു സത്രത്തിനു സമീപവും കണ്ടെടുക്കുയുണ്ടായി. നാലുപേർ ഇതിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടു. (Behind Sanathan Sanstha's spiritual veil amilitarist face - THE HINDU 20/10/2009).

എം.ബി.എക്കാരനായ വിനയ് തലേകർ, എഞ്ചിനീയറിംഗ് വിദ്യാർഥിയായ ദനഞ്ജയ് അശ്കേതർ, ദിലീപ് മങ്കോൻകർ തുടങ്ങിയവരെ കേസുമായി ബന്ധപ്പെട്ട് ഗോവ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. സനാതൻ മെമ്പറായ വിക്രംഭാവെയെ മുംബൈയിൽ ഒരിടത്ത് ബോംബ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് മഹാരാഷ്ട്ര 'ഭീകരവിരുദ്ധ സംഘം' അറസ്റ്റ് ചെയ്യുകയുണ്ടായി. (indiaexpress.com).

കേസ് അന്വേഷിച്ച ഗോവ പോലീസ്, സ്ഫോടനത്തിനു പിന്നിൽ കൂടുതൽ ആളുകൾക്ക് പങ്കുണ്ടെന്നും 'സനാതൻ സൻസ്ത'ക്കെതിരെ തെളിവുണ്ടെന്നും കണ്ടെത്തി. 2009 ഒക്ടോബർ 31ന് രണ്ടു തീവ്രവാദികളെ പോലീസ് അറസ്റ്റു ചെയ്തു. കർണാടകയിലെ കാർവാർ, ബെൽഗാം സ്വദേശികളായ വിനയ് തലേകർ(30), വിനായക് പാട്ടീൽ(27) എന്നിവരാണ് അറസ്റ്റിലായത്. കൂടുതൽ തീവ്രവാദികളെ അറസ്റ്റ് ചെയ്യാനുള്ള സാധ്യതയൊന്നും പോലീസ് സൂചിപ്പിച്ചില്ലെങ്കിലും ഒരു മുഖ്യ സൂത്രധാരൻ സ്ഫോടനത്തിന് പിന്നിലുണ്ടാകാൻ വലിയ സാധ്യതയുണ്ടെന്ന് പോലീസ് പറയുകയുണ്ടായി. (Two Sanathan Sanstha members arrested in Goa blast case - Oct. 31,2009 IANS). ഗോവ മുഖ്യമന്ത്രി ദിഗംബർ കാമത്തുതന്നെ, സ്ഫോടനത്തിനു പിന്നിൽ ഹിന്ദുത്വ തീവ്രവാദ സംഘടനയായ 'സനാതൻ സൻസ്ത'യാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. "മഹാരാഷ്ട്രയിലും കർണാടകയിലും നടത്തിയ അന്വേഷണത്തിൽ 'സനാതൻ സൻസ്ത'ക്കെതിരായ തെളിവുകൾ സി.ബി.ഐക്ക് കിട്ടിയിട്ടുണ്ട്. സി.ബി.ഐയുടെ റിപ്പോർട്ട് കിട്ടിയാൽ സനാതൻ സൻസതക്കെതിരെ നടപടിയെടുക്കും" (Margao balst CBI has found clues against Sanathan Sanstha, THE TIMES OF INDIA 4 January 2010).

പോണ്ടയിലെ സനാതൻ ആശ്രമത്തിനെതിരെ നേരത്തെ പോലീസ് നടപടികൾ ഉണ്ടായിട്ടുണ്ട്. രേഖകളില്ലാത്ത വിദേശികളെ താമസിപ്പിച്ചതിന് സുരക്ഷാ നിയമങ്ങൾ അനുസരിച്ചായിരുന്നു നടപടി. ആശ്രമത്തിന്റെ പേരിലുള്ള ഫണ്ടിംഗിനെക്കുറിച്ചും അന്വേഷിക്കുകയും ആശ്രമത്തിൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. (Links found between Margao, Maharashtra blast accused: Police, THE HINDU 20/10/2009).

നാഗ്പൂരിലെ സൂരജ് എക്സ്പ്ലോസീവ് ലിമിറ്റഡിന്റെ 'ജലാറ്റിൻ' ആണ് മഡ്ഗാവ് സ്ഫോടനത്തിന് ഉപയോഗിച്ചതെന്ന് പോലീസ് കണ്ടെത്തി. മഹാരാഷ്ട്രയിൽ ഉപയോഗിച്ചിട്ടുള്ള ഇനം സ്ഫോടകവസ്തുക്കൾ തന്നെയാണ് മഡ്ഗാവിലേതുമെന്നാണ് ഡി.ഐ.ജി ആർ.എസ് യാദവ് പറഞ്ഞത്. മാത്രമല്ല, സ്ഫോടന കേസ് പ്രതി പാട്ടീൽ

മിറാജിലും, സംഗ്ളിയിലും ഉണ്ടായ വർഗീയ ലഹളകളിലും പങ്കാളികളായിരുന്നു വെന്നതിനും പോലീസ് തെളിവുകൾ ശേഖരിച്ചിട്ടുണ്ട് (THE HINDU 20/10/2009).

## ബി.ജെ.പിയുടെ ഭീകരബന്ധം

അനേകം ഭീകരപ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമായി തെളിഞ്ഞുകഴിഞ്ഞ 'സനാതൻ സൻസ്ത'യുമായി ബി.ജെ.പിക്കും ഭീകര സംഘടനയായ 'അഭിനവ് ഭാരതി'നുമുള്ള അടുത്തബന്ധവും പരസ്യമായിരിക്കുന്നു. ബി.ജെ.പി തങ്ങളെ പിന്തുണക്കുമെന്ന് 'സൻസ്ത' പറയുമ്പോൾ സൻസ്തയുടെ സംരക്ഷകരായി ബി.ജെ.പി രംഗത്ത് വരുന്നു. മാലേഗാവ് സ്ഫോടന കേസിലെ പ്രതി, പ്രജ്ഞാസിംഗിനും 'സൻസ്ത'യുമായി ബന്ധമുണ്ടെന്നു മാത്രമല്ല, മഡ്ഗാവ് സ്ഫോടനത്തിലും അവർക്ക് പങ്കുണ്ടെന്നാണ് മനസ്സിലാകുന്നത്. സംഘ്പരിവാർ ബന്ധമുള്ള പ്രമുഖ ആത്മീയാചാര്യന്മാരും സൻസ്തയുമായി ഉറ്റസൗഹൃദം പുലർത്തുന്നുണ്ട്.

സൻസ്തയുടെ മാനേജിംഗ് ട്രസ്റ്റി വീരേന്ദ്ര മറാത്തെ, പനാജിയിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞതിങ്ങനെ: "ബി.ജെ.പി എം.എൽ.എമാർ ഞങ്ങൾക്ക് പിന്തുണ തരുന്നുണ്ട്. ദുഷ് പ്രചാരണത്തിനെതിരെ മാധ്യമങ്ങളെ സമീപിക്കാൻ അവരാണ് ഞങ്ങളെ ഉപദേശിച്ചത്. ദയാനന്ദ് ദണ്ഡേക്കർ, പരിക്കാർ, ബി.ജെ.പി ഗോവ സംസ്ഥാന പ്രസിഡന്റ് ശ്രീപാദ് നായിക് തുടങ്ങിയവരുടെ പിന്തുണയുണ്ട് ഞങ്ങൾക്ക്." ഗോവ-ഗതാഗതമന്ത്രി സുധിൻ ധവാലികർക്ക് സൻസ്തയുമായുള്ള ബന്ധത്തെക്കുറിച്ച ചോദ്യത്തിന്, ഗോവയിലെ 'സൻസ്ത'യുടെ പ്രവർത്തനങ്ങൾക്ക് മന്ത്രിയും ഫണ്ട് തന്നിട്ടുണ്ട് എന്നായിരുന്നു മറാത്തെയുടെ മറുപടി. മന്ത്രിയുടെ ഭാര്യ ജ്യോതി ധമാലികറാണ് ഫണ്ട് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. "ജ്യോതി സൻസ്തയുടെ മെമ്പറാണ്; സമ്പന്നയും. ബാങ്കിംഗ് മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് അവരെ ഉപയോഗിച്ചിരുന്നത്. വിശുദ്ധ ഭൂമിയായതിനാലാണ് ഗോവയെ 'സൻസ്ത'യുടെ ദേശീയ ആസ്ഥാനമായി തെരഞ്ഞെടുത്തത്. ഗോവയിലെ അനേകം ക്ഷേത്രങ്ങൾ മഹാരാഷ്ട്രയെക്കാളും ഇതിനെയൊരു പുണ്യഭൂമിയാക്കുന്നു – മറാത്തെയുടെ വാക്കുകൾ. (Goa BJP Leaders support us: Sanstan Sanstha - Tiems of india 28 Oct. 2009). ഭീകര സ്ഫോടനങ്ങൾക്കു പിന്നിൽ 'സൻസ്ത'യാണെന്ന് തെളിഞ്ഞുകഴിഞ്ഞശേഷമായിരുന്നു ബി.ജെ.പിയുടെ പിന്തുണ പ്രഖ്യാപിച്ചുള്ള പത്രസമ്മേളനം.

രാഷ്ട്രീയ നേതൃത്വത്തിൽനിന്ന് മാത്രമല്ല, ആത്മീയ ആചാര്യന്മാരിൽനിന്നും 'സൻസ്ത'ക്ക് പിന്തുണ ലഭിക്കുന്നുണ്ട്. 'സൻസ്ത'യുടെ അനുബന്ധസംഘടനയായ ഹിന്ദുജാഗരൺ സമിതി– എച്ച്.ജെ.എസ് – 2009 ഏപ്രിൽ 19–ന് ചെന്നൈയിൽ സംഘടിപ്പിച്ച 'ധർമജാഗൃതി സഭ'യിൽ കാഞ്ചി കാമകോടി ജഗദ്ഗുരു ജയേന്ദ്രസരസ്വതി പങ്കെടുക്കുകയുണ്ടായി. "ധർമത്തിന് ജനനമോ മരണമോ ഇല്ല. ധർമത്തിന്റെ പ്രചാരണമാണ് സൻസ്ത ഏറ്റെടുത്തിരിക്കുന്നത്" എന്നാണ് ശങ്കരാചാര്യ പ്രസംഗത്തിൽ പറഞ്ഞത്. 2009 ജൂൺ 10–ന് പൻവേൽ സനാതൻ ആശ്രമം സന്ദർശിച്ച കാഞ്ചിശങ്കരാചാര്യ 'സൻസ്തയുടെ പ്രവർത്തനങ്ങൾ ലോകമെങ്ങും പടരട്ടെ' എന്ന് പറഞ്ഞു 'സൻസ്ത'യെ അനുഗ്രഹിക്കുകയുണ്ടായി.

സൊളാശിലെ, 'ശനൈശ്വർ ദേവസ്ഥാന'ത്തിലെ തപോനിധി നന്ദഗിരി മഹാരാജ്, 'ധർമസ്ഥാപനത്തിന് വേണ്ടിയുള്ള സൻസ്തയുടെ പ്രവർത്തനങ്ങൾ പ്രപഞ്ചം മുഴുവൻ പടരട്ടെ' എന്നുപറഞ്ഞാണ് സംഘടനയെ അനുഗ്രഹിച്ചത്; 2009 മെയ് 24–ന് (Sanstan Sansta - wikipedia 8/11).

ആത്മീയാചാര്യന്മാർ അനുഗ്രഹിച്ച ഇതേ 'സനാതൻ സൻസ്ത'യാണ് ബോംബ് സ്ഫോടനങ്ങൾ നടത്തിയതും വർഗീയ കലാപങ്ങൾക്ക് തിരികൊളുത്തിയതും. സൻസ്തയെ നിരോധിക്കണമെന്നാവശ്യപ്പെട്ടാണ് സൻസ്തയുടെ ആശ്രമം സ്ഥിതി ചെയ്യുന്ന ഗോവയിലെ ബണ്ടോറ വില്ലേജ് പഞ്ചായത്ത് പ്രമേയം പാസാക്കിയത്. മറ്റു നിരവധി രാഷ്ട്രീയ-മനുഷ്യാവകാശ വേദികളും ഇതേ ആവശ്യം ഉന്നയിക്കുകയുണ്ടായി; 2009 ഒക്ടോബർ 16ലെ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു നിരോധന ആവശ്യം ഉയർന്നത്. എന്നാൽ അന്നുണ്ടായ ബഹളം ഇപ്പോൾ ഏതാണ്ട് ശമിച്ചമട്ടാണ്.

സൻസ്തക്കെതിരായ അന്വേഷണം ഇപ്പോൾ ദേശീയ അന്വേഷണ ഏജൻസിയുടെ കൈയിലാണ്. ഗോവ പോലീസിന്റെ 'പ്രത്യേക അന്വേഷണ സംഘ'ത്തിൽനിന്ന് ഡിസംബർ 17 നാണ് എൻ.ഐ.എ കേസ് ഏറ്റെടുത്തത്. കേസന്വേഷണം ഇപ്പോൾ പ്രാഥമിക ഘട്ടത്തിലാണ്. 'സ്ഫോടനത്തിനു പിന്നിലെ നീണ്ട ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിന് പ്രതികളെ ചോദ്യം ചെയ്യാൻ കസ്റ്റഡിയിൽ ലഭിക്കണം' എന്നു പറഞ്ഞുകൊണ്ടുള്ള ഒരു അപേക്ഷ എൻ.ഐ.എ കോടതിയിൽ സമർപ്പിക്കുകയുണ്ടായി. (Margao Bomblast probe in priliminary stage NIA OUTLOOK India.com January 21,2010).

2009 ആഗസ്റ്റ് 25,26 തീയതികളിലാണ് സ്ഫോടന ഗൂഢാലോചന നടന്നതെന്നാണ് എൻ.ഐ.എ പറയുന്നത്. ബോംബുകൾ നിർമിച്ചശേഷം പരീക്ഷണ സ്ഫോടനം നടത്തിയത്, പോണ്ട താലൂക്കിലെ തലോലിം ഗ്രാമത്തിലെ കുന്നിൻ മുകളിലാണെന്ന് എൻ.ഐ.എ കോടതിയിൽ സമർപ്പിച്ച അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേസന്വേഷണം എവിടെച്ചെന്നെത്തും എന്ന് കാത്തിരുന്നുകാണാം. ■

(തുടരും)

sadarvzkd@yahoo.co.in